# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ ഇ.കെ എം(പി13)490 /21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 29/03/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 2-1,2-2,3-1 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ ഇ.കെ എം(പി13)490 /21 തീയ്യതി: 29/03/2021

## എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് കെ കെ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-03-2021 | 17-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ഷേർളി ജോസഫ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2.പ്രസാദ് പി ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ഷൈബി ഇ ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4.സന്തോഷ് കുമാർ എം, ഓഡിറ്റർ (ഹ.ഗ്രേ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ലോനപ്പൻ എം.പി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സുബ്രഹ്മണ്യൻ കെ കെ | സെക്രട്ടറി | 01-04-2019 | 10-07-2019 |
| ശ്രീ. ടി എസ് പ്രസാദ് | സെക്രട്ടറി | 11-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷെക് സർതാജ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-07-2019 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 01-08-2019 | 12-08-2019 |
| ശ്രീമതി. ജയശ്രീ എം | അസിസ്റ്റന്റ് സെക്രട്ടറി | 13-08-2019 | 31-03-2020 |
| ശ്രീമതി.എൽസാ ഗൈൽസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഗ്ലെൻസൻ കെ ജോസഫ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 10-02-2020 |
| ഡോ.അനിൽകുമാർ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 11-02-2020 | 31-03-2020 |
| ഡോ.ഇന്ദിര പി വി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. ടിനു റെജിന ബി ജെ | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | (ഹോമിയോ) | | |
| ശ്രീമതി. ബീന കെ എസ് | എ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അനു ടി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ഒഴിവ് | വി ഇ ഒ( കാഞ്ഞൂർ) | 26-05-2019 | 29-05-2019 |
| ശ്രീ.സുനിൽ ഇ ജി | വി ഇ ഒ( കാഞ്ഞൂർ) | 30-05-2019 | 31-03-2020 |
| ശ്രീമതി.റിയ ജോർജ് | വി ഇ ഒ( കാഞ്ഞൂർ) , വി ഇ ഒ (പാറപ്പുറം-ചാർജ്) | 01-04-2019 | 25-05-2019 |
| ഒഴിവ് | വി ഇ ഒ( കാഞ്ഞൂർ) | 26-05-2019 | 29-05-2019 |
| ശ്രീ.സുനിൽ ഇ ജി | വി ഇ ഒ( കാഞ്ഞൂർ) | 30-05-2019 | 31-03-2020 |
| ഒഴിവ് | വി ഇ ഒ (പാറപ്പുറം) | 26-05-2019 | 29-05-2019 |
| ശ്രീ.സന്ദീപ് സി പി | വി ഇ ഒ (പാറപ്പുറം) | 09-12-2019 | 31-03-2020 |
| ഡോ.ഹേന കൃഷ്ണൻ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Santhosh Kumar M (Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Santhosh Kumar M (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Shaiby.E.D (Senior Grade Auditor, On 15-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Prasad P G (Asst. Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Santhosh Kumar M (Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-8 |
| 9 | ഗ്രാമസഭായോഗം-വ്യവസ്ഥകൾ പാലിക്കുന്നില്ല<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaiby.E.D (Senior Grade Auditor, On 15-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-10 |
| 11 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കിയില്ല<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-11 |
| 12 | ദുരിതാശ്വാസനിധി<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-12 |
| 13 | സ്റ്റോക്ക് റജിസ്റ്ററിന്റെ പരിപാലനം-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-13 |
| 14 | മാന്വൽ രസീതുകളുടെ ഉപയോഗം -അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-13-1 |
| 15 | ദുരന്തനിവാരണ പദ്ധതി<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-14 |
| 16 | പരിശീലനപരിപാടി-ചെലവുതുക ലഭ്യമായില്ല<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-14-1 |
| 17 | എമർജൻസി റെസ്പോൺസ് ടീം<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021) | 1-14-2 |

| | | |
|---|---|---|
| | Last Updated By: Joby George (Computer Assistant, On 25-03-2021) | |
| 18 | ത്രിതല പഞ്ചായത്ത് സംവിധാനം<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-15 |
| 19 | ജനപ്രതിനിധികളും ഉത്തരവാദിത്തങ്ങളും<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-15-1 |
| 20 | ഓഫീസ് മാനേജ്മെന്റ്<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-15-2 |
| 21 | പൗരാവകാശരേഖ<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-15-3 |
| 22 | ഫ്രണ്ട് ഓഫീസ്<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-15-4 |
| 23 | ഐ എസ് ഒ<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-15-5 |
| 24 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു<br>Written By: Shaiby.E.D (Senior Grade Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-16 |
| 25 | പഞ്ചായത്ത് ഭൂമി കൈയേറ്റം-തുടർനടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-17 |
| 26 | മഴക്കാലപൂർവ്വ ശുചീകരണം<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-18 |
| 27 | ക്യാൻസർ വിമുക്ത എറണാകുളം-മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് നടപ്പാക്കി<br>Written By: Shaiby.E.D (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-19 |
| 28 | പെർമിറ്റ് രജിസ്റ്റർ തൃപ്തികരമായി സൂക്ഷിക്കുന്നില്ല<br>Written By: Shaiby.E.D (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-20 |
| 29 | വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ് ഫീസ്<br>Written By: Shaiby.E.D (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-20-1 |
| 30 | പാത്തിപ്പാലം നിർമ്മാണം -മണ്ണ് പരിശോധനയും സ്ട്രക്ചറൽ ഡിസൈനിംഗും-തനതുഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിച്ചില്ല.<br>Written By: Prasad P G (Asst. Audit Officer, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-21 |
| 31 | തെരുവ് വിളക്ക് മെയിന്റനൻസ് അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-22 |
| 32 | വളർത്ത് നായകൾക്ക് ലൈസൻസ് ഉറപ്പ് വരുത്തുന്നില്ല.<br>Written By: Shaiby.E.D (Senior Grade Auditor, On 15-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-23 |
| 33 | ചെലവുകൾ തെറ്റായ അക്കൗണ്ട് ഹെഡുകളിൽ ബുക്ക് ചെയ്തു<br>Written By: Prasad P G (Asst. Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-24 |
| 34 | | 1-25 |

| | | |
|---|---|---|
| | കൃഷി- പദ്ധതികൾ അപര്യാപ്തം<br>Written By: Shaiby.E.D (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | |
| 35 | ക്ഷീരക്രഷകർക്ക് പാലിന് സബ്സിഡി-പദ്ധതി നടപ്പാക്കിയില്ല<br>Written By: Shaiby.E.D (Senior Grade Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-25-1 |
| 36 | വാഹന ഇൻഷുറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല.<br>Written By: Prasad P G (Asst. Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-26 |
| 37 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗരേഖകൾ ലഭ്യമാക്കുന്നില്ല<br>Written By: Shaiby.E.D (Senior Grade Auditor, On 15-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-27 |
| 38 | മാലിന്യ സംസ്കരണം- റസീപ്റ്റ് ഉപയോഗത്തിലെ അപാകത<br>Written By: Santhosh Kumar M (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-28 |
| 39 | മത്സ്യം വളർത്തുന്നതിന് ലേല തുക ഈടാക്കിയതിലെ കുറവ്- നഷ്ടം 2343/-<br>Written By: Santhosh Kumar M (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 1-29 |
| 40 | ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ<br>Written By: Shaiby.E.D (Senior Grade Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 1-30 |
| | **ഭാഗം 2** | |
| 1 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു-1013/-രൂപ നഷ്ടം<br>Written By: Shaiby.E.D (Senior Grade Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 25-03-2021) | 2-1 |
| 2 | മത്സ്യം വളർത്തുന്നതിന് ലേല തുക ഈടാക്കിയതിലെ കുറവ്- നഷ്ടം 2343/-<br>Written By: Santhosh Kumar M (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 2-2 |
| | **ഭാഗം 3** | |
| 1 | തെരുവ് വിളക്ക് മെയിന്റനൻസ് അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Santhosh Kumar M (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Santhosh Kumar M (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Shaiby.E.D (Senior Grade Auditor, On 15-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Santhosh Kumar M (Auditor, On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shaiby.E.D (Senior Grade Auditor, On 15-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaiby.E.D (Senior Grade Auditor, On 15-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Shaiby.E.D (Senior Grade Auditor, On 15-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Shaiby.E.D (Senior Grade Auditor, On 15-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sherly Joseph (Audit Officer (HG), On 17-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaiby.E.D (Senior Grade Auditor, On 16-03-2021)<br>Last Updated By: Joby George (Computer Assistant, On 26-03-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 26.02.2019ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | ബജറ്റ്(റിവൈസ്ഡ്) |
|---|---|---|
| മുന്നിരിപ്പ് | 2997771.50 | (853697.00) |
| വരവ് | 138879000.00 | 135375106.00 |
| ആകെ | 141876771.50 | 134521409.00 |
| ചെലവ് | 140664250.00 | 133478413.00 |
| നീക്കിയിരിപ്പ് | 1212521.50 | 1042996.00 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 20.02.2019 തീയതിയിൽ തന്നെ ബജററ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് ഫയൽ പരിശോധിച്ചതിൽ 23.01.2019 ലെ നം എ1-103/18 കത്ത് പ്രകാരം ഘടക സ്ഥാപനങ്ങളിൽ നിന്ന് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ട് സ്ഥാപനങ്ങളുടെ വരുമാനവും ചെലവും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട് എങ്കിലും പ്രീ ബജറ്റ് മീറ്റിംഗ് നടത്തിയതായി കാണുന്നില്ല. സ്ഥാപനത്തിന്റെ വാർഷിക പദ്ധതിക്ക് നം 61139/18DPC/DPO/EKM തീ 31/12/2018 പ്രകാരം അംഗീകാരം ലഭ്യമായിട്ടുണ്ട്. സ്ഥാപനത്തിന്റെ 2019-20 ലെ പുതുക്കിയ ബജറ്റ് 23.03.2020 ലെ 1(1) തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

തനത് വരുമാനം, റവന്യൂ ചെലവുകൾ എന്നിവ സംബന്ധിച്ച എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. തനത് വരുമാന സ്രോതസ്സുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ വരുമാനവർദ്ധന സാധ്യത സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ലഭ്യമായ വിലപ്പെട്ട വിവരങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ ഉപയോഗപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു. ഇതു കൊണ്ടുതന്നെ മേല്പറഞ്ഞ കാര്യങ്ങളിൽ എത്രത്തോളം വസ്തുതാപരമാണ് ബജറ്റ് എന്ന് പരിശോധിക്കാനായിട്ടില്ല.

ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.
2. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.
3. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായ് പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2019-20 ലെ പഞ്ചായത്ത് ബജറ്റ് 2019 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.
4. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം സാധ്യമാകുന്നില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ

നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല.

ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ 21-5-2020 -ൽ ഓൺലൈനായി ലഭ്യമായിട്ടുള്ളതാണ്. ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 267336/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7698607/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

3) ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് കണക്കാക്കി കൃത്യത ഉറപ്പാക്കി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതും തുക പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4) സഞ്ചയ പ്രകാരമുള്ള കുടിശ്ശിക കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുത്തുന്നതിനായി 353367/- രൂപ റെസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും 161750/- രൂപ നോൺ റെസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഹെഡിൽ എഴുതി തള്ളിയതായി കാണുന്നു. വിശദാശങ്ങൾ താഴെ ചേർക്കുന്നു.

| | സഞ്ചയ DCB സ്റ്റേറ്റ്മെന്റ് പ്രകാരം ഡിമാന്റ് | വാർഷിക ധനകാര്യ പത്രിക പ്രകാരം ഡിമാന്റ് | വ്യത്യാസം |
|---|---|---|---|
| റെസിഡെൻഷ്യൽ | 1158179 | 1494879 | 336700 |
| നോൺ റെസിഡെൻഷ്യൽ | 783071 | 944821 | 161750 |

വ്യത്യാസം ഏതേതു കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശങ്ങളടക്കം റികൺസൈൽ ചെയ്ത് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല.

5) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 / ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ

അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം ദേശസാത്കൃത ബാങ്കായ എസ് ബി ഐ ബാങ്കിലും കാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്കിലും എറണാകുളം ജില്ലാ സഹകരണ ബാങ്ക് കാലടി ബ്രാഞ്ചിലും ആണ് നിക്ഷേപിക്കുന്നത്. സർക്കുലറിന് വിരുദ്ധമായി അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിന് വിശദീകരണം നല്കേണ്ടതാണ്. തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒരു അക്കൗണ്ട് മാത്രം നിലനിർത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

6)ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂൾ പ്രകാരം 19 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ 10 ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്നഹെഡിലാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ അദർ ഫിക്സഡ് അസറ്റ് തുക 305414/- അതിന്റെ ഡിപ്രസിയേഷന് 5016057/ ആയി രേഖപ്പെടുത്തിയിരിക്കുന്നു. റോഡ് ടാർഡ് എന്ന ഇനത്തിൽ ഓപണിങ്ങ് ബാലൻസ് 6958649/ ആണെങ്കിലും 4546685/-ന് മാത്രമാണ് ഡിപ്രസിയേഷന് കണക്കാക്കിയിട്ടുള്ളത്. ആസ്തികളുടെ കാലപ്പഴക്കം സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമല്ല. ഓരോ ആസ്തി ഹെഡിനും അനുയോജ്യമായ ഡിപ്രസിയേഷൻ ഹെഡിൽ മാത്രം ഡിപ്രസിയേഷൻ അക്കൗണ്ട് ചെയ്യേണ്ടതും ആസ്തികളുടെ കാലപ്പഴക്കം അനുസരിച്ച് ഡിപ്രസിയേഷന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്.

7) ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരുപ്പും പൊരുത്തപ്പെടുത്താനാവുന്നില്ല.

8) വാർഷിക കണക്കുകളിലെ തുകളെ സാധൂകരിക്കുന്ന പല രജിസ്ററുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

9) സമയബന്ധിതമായി വരവ് ഇനങ്ങളിൽ ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

10) മുൻവർഷങ്ങളിലെ തൊഴിൽ നികുതി ഇനത്തിൽ തൻവർഷം ലഭിയ്ക്കുന്ന വരവും ഓഡിറ്റ് പരാമർശ പ്രകാരമുള്ള വരവും പ്രയർ പിരിയഡ് ഐറ്റം എന്ന ചെലവ് ഹെഡിൽ അക്കൗണ്ട് ചെയ്യുന്നു. ഇവ കൃത്യമായ വരവ് ഹെഡിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 10-03-2021-ലെ ഓഡിറ്റ് എൻക്വയറി നം.1-ന് മറുപടി നല്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14212784.00 |
| വരവ് | 47398602.00 |
| ആകെ | 61611386.00 |
| ചെലവ് | 47131266.00 |
| നീക്കിയിരിപ്പ് | 14480120.00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് / | കുറിപ്പ് |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ലാപ്സായ തുക | |
| വികസന ഫണ്ട്-ജനറൽ | 0 | 12676755+ 184073= 12860828 | 12860828 | 8106459 | 4754369 | സോഴ്സ് ഡിഡക്ഷൻ -184073/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3700294+ 14706= 3715000 | 3715000 | 1564939 | 2150061 | സോഴ്സ് ഡിഡക്ഷൻ -14706/- ക്യാപിറ്റൽ കോൺ ട്രിബ്യൂഷൻ 178193/- |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 112600 | 112600 | 5008 | 107592 | |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6806678 | 6806678 | 2815350 | 3991328 | ക്യാപിറ്റൽ കോൺട്രി ബ്യൂഷൻ 1768731/- |
| മെയിന്റനൻസ്, റോഡ് | 0 | 23611000 | 23611000 | 6295235 | 17315765 | |
| മെയിന്റനൻസ്-റോഡിതരം | 0 | 3251000 | 3251000 | 2337105 | 913895 | |
| കേന്ദ്രാവിഷ്കൃത ഫണ്ട്-(പെർഫോമെൻസ് ബെയ്സ്ഡ് ) | 31544 | 0 | 31544 | 30000 | 1544 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ സി ഡി എസ്) | 1352305 | 1562113 | 2914418 | 775454 | 2138964 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ലൈഫ്) | - | 70000 | 70000 | 352000 | 34800- | |
| സംസ്ഥാ നാവിഷ്കൃത ഫണ്ട്(ടോയ്‌ലറ്റ് & വാട്ടർ കണക്ഷൻ) | 36000 | 10000 | 46000 | 9956 | 36044 | |
| സംസ്ഥാനാ വിഷ്കൃത ഫണ്ട്(വിമുക്തി+ ബഡ്സ് സ്കൂൾ) | 50169 | 199946 | 250115 | 196946 | 53169 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(ആശ്രയ) | - | 632386 | 632386 | 632386 | - | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(ശുചിത്വം) | 1350000 | 106000 | 1456000 | 397153 | 1058847 | ക്യാപിറ്റൽ കോൺ ട്രിബ്യൂഷൻ 254078/- |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(മെയിന്റനൻസ് കൃഷിഭവൻ) | 75562 | - | 75562 | | 75562 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(ജലനിധി) | 1073565 | 33944 | 1107509 | | 1107509 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(എം എൻ ഹൗസിങ്ങ് ) | 1312876 | - | 1312876 | | 1312876 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(ആരോഗ്യ കോരളം) | 30000 | | 30000 | | 30000 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(ജനകീയ ഭവന | 11538 | 398 | 11936 | | 11936 | |

| പദ്ധതി ) | | | | | | | |
|---|---|---|---|---|---|---|---|

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 211 | 76374142 | 87 | 29493843 | 0 | 124 | 46.52 |

## 1-6 തൊഴിലുറപ്പ് പദ്ധതി

2019-20 വർഷം കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 2798 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 4630 |
| നല്കിയ തൊഴിൽ ദിനങ്ങൾ | 44936 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | 286 |
| 2019-20 വർഷത്തെ ആകെ ചെലവ് തുക | 1,88,92,267 |

ഇനം തിരിച്ചുള്ള ചെലവു വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| അവിദഗ്ദ വേതനം | 1,25,74,158 |
| വിദഗ്ദ വേതനം | 2,90,211 |
| മെറ്റീരിയൽ തുക | 46,43,000 |
| ഭരണ ചെലവ് | 10,98,898 |
| ആകെ | 1,86,06,267 |

ആക്ഷൻ പ്ലാൻ പ്രകാരം ഓഡിറ്റ് വർഷത്തിൽ 255 വർക്കുകൾ രൂപീകരിച്ചതിൽ 143 എണ്ണം പൂർത്തിയാക്കി. ഇതുമൂലം 44,936 തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. തരിശ് നിലം കൃഷിയോഗ്യമാക്കൽ, തൊഴുത്ത് നിർമ്മാണം, കുളം-കിണർ നിർമ്മാണം, നടപ്പാത നിർമ്മാണം, തോട് സംരക്ഷണം, ലൈഫ് ഭവനപദ്ധതി, റീബിൽഡ് കേരള എന്നീ പദ്ധതികളിൽ അവിദഗ്ധസേവനം തുടങ്ങിയവയാണ് 2019-20 വർഷം നടപ്പാക്കിയ പ്രധാന പദ്ധതികൾ. സോഷ്യൽ ഓഡിറ്റ് കൃത്യമായ ഇടവേളകളിൽ നടത്തിയിട്ടില്ല. ആയത് സമയബന്ധിതമായി നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2447400 | 412 |
| വിധവാപെൻഷൻ | 4221600 | 736 |
| വാർദ്ധക്യകാലപെൻഷൻ | 10289700 | 1838 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 1440500 | 244 |
| അവിവാഹിത-50 വയസ്സിന് മുകളിൽ | 329400 | 58 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.03.2021 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 59333/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ഗ്രാമസഭായോഗം-വ്യവസ്ഥകൾ പാലിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) അനുസരിച്ച് ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും യോഗം ചേരുന്ന വിവരം ഒരു പൊതു നോട്ടീസ് മുഖേന ഗ്രാമസഭയുടെ കൺവീനർ ഗ്രാമസഭാംഗങ്ങളെ അറിയിക്കേണ്ടതും അങ്ങനെയുള്ള യോഗങ്ങളിൽ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും, ജില്ലാ പഞ്ചായത്ത് അംഗത്തെയും, നിയമസഭാംഗത്തെയും നിർബന്ധമായും ക്ഷണിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം രണ്ട് ഗ്രാമസഭകളാണ് കൂടിയിട്ടുള്ളതെന്ന് മിനിട്ട്സ് വ്യക്തമാക്കുന്നു. ഒരു വർഷത്തിൽ നാലുതവണ യോഗം ചേരണമെന്ന നിയമവ്യവസ്ഥ പാലിച്ചിട്ടില്ല. മാത്രവുമല്ല യോഗങ്ങളിൽ ബ്ലോക്ക്, ജില്ലാപഞ്ചായത്ത് അംഗങ്ങളുടെ സാന്നിദ്ധ്യം അപൂർവ്വം അവസരങ്ങളിൽ മാത്രമാണുണ്ടായിരുന്നത്. വകുപ്പ് 3, ഉപവകുപ്പ് 3 എ യിൽ ഗ്രാമസഭയുടെ അധികാരങ്ങൾ, ചുമതലകൾ, അവകാശങ്ങൾ എന്നിവയെപ്പറ്റിയും 3 ബിയിൽ ഉത്തരവാദിത്തങ്ങളെപ്പറ്റിയും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ചേർന്ന രണ്ട് ഗ്രാമസഭകളിലെയും അജൻഡ വിഷയങ്ങൾ താഴെ ചേർക്കുന്നു.

2019 സെപ്റ്റംബർ

1. തൊഴിലുറപ്പ് അഡീഷണൽ ആക്ഷൻ പ്ലാൻ അംഗീകാരം
2. അഡീഷണൽ ഗുണഭോക്തൃ ലിസ്റ്റ് സാധൂകരണം, അംഗീകാരം
3. ഹരിതകേരളം പദ്ധതി അംഗീകാരം
4. 2019-20 വാർഷിക പദ്ധതി അവലോകനം

2020 ജനുവരി

1. 2020-21 വാർഷിക പദ്ധതി കരടുനിർദ്ദേശങ്ങൾ സ്വരൂപിക്കൽ
2. 2019-20 ഗുണഭോക്തൃലിസ്റ്റ് അംഗീകാരം
3. തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ് 2020-21
4. പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ

ഗ്രാമസഭായോഗങ്ങൾ സ്ഥിരം അജണ്ടകളിലേക്ക് ഒതുങ്ങിപ്പോകുന്നതായി കാണുന്നു. ഗ്രാമസഭകളുടെ ചുമതലകളിലും ഉത്തരവാദിത്തങ്ങളിലും പെടുന്നതായ യാതൊന്നും തന്നെ അജണ്ടാവിഷയമായി ഉൾക്കൊള്ളിക്കുന്നില്ല.

ഉപവകുപ്പ് 3 എ (4) അനുസരിച്ച് ഗ്രാമസഭയുടെ ക്വാറം പ്രസ്തുത പ്രദേശത്തെ സമ്മതിദായകരുടെ എണ്ണത്തിന്റെ 10% ആണ്. എന്നാൽ മിനിറ്റ്സ് പരിശോധിച്ചതിൽ 2020 ജനവരി മാസത്തിൽ 11, 14, 15 എന്നീ വാർഡുകളിൽ നടത്തിയ ഗ്രാമസഭായോഗങ്ങളിൽ ക്വാറം തികഞ്ഞിട്ടില്ല. ക്വാറം തികയാത്ത യോഗങ്ങളിൽ എടുത്ത തീരുമാനങ്ങൾക്ക് സാധുത ഉണ്ടായിരിക്കുന്നതല്ല. ഗ്രാമസഭായോഗങ്ങൾ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് മേലിൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.02.2021 | ഒക്ടോബർ 2020 മുതൽ ഡിസംബർ 2020 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.02.2015 മുതൽ 12.03.2015 വരെ | 2009- 10 മുതൽ 2013-14 വരെ | 02.06.2015 |

## 1-11 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കിയില്ല

മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇനിയും തീർപ്പാക്കാനവശേഷിക്കുന്ന പരാമർശങ്ങൾ ഉണ്ട്. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വസ്തുനികുതി സംബന്ധിച്ച് സാംഖ്യ, സഞ്ചയ എന്നിവ പ്രകാരം നിലനിൽക്കുന്ന അപാകതകൾ, ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവയിലെ അപാകതകൾ എന്നിവയൊക്കെ നിലവിലും തുടരുന്നതായാണ് ഓഡിറ്റിൽ കണ്ടെത്തിയിട്ടുള്ളത്. കൃഷി ഭവനായി പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിലേക്ക് ഇനിയും മാറാതെ വാടക കെട്ടിടത്തിൽ തന്നെ ഇപ്പോഴും തുടരുന്നു.

## 1-12 ദുരിതാശ്വാസനിധി

തദ്ദേശഭരണ വകുപ്പിന്റെ 22.02.2003 ലെ ജി ഒ (പി) 52/2003 ഉത്തരവ് പ്രകാരം രൂപീകൃതമായ 2003 ലെ ദുരിതാശ്വാസനിധി ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിക്കുകയും 13.12.2006 ൽ ഇതിനായി കാഞ്ഞൂർ സർവീസ് സഹകരണ ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് തുറക്കുകയും ചെയ്തു. മണൽവാരൽ സജീവമായിരുന്ന സമയത്ത് മണൽ പാസിൽ നിന്ന് ലഭിക്കുന്ന വരുമാനമാണ് ദുരിതാശ്വാസനിധിയിൽ നിക്ഷേപിച്ചിരുന്നത്. മണൽവാരൽ നിരോധനത്തോടെ ദുരിതാശ്വാസനിധിയിലേക്കുള്ള വരവ് നിലച്ചു. ഈ നിധിയിൽ നിന്ന് അവസാനമായി ധനസഹായം നൽകിയിരിക്കുന്നത് 26.09.2014 ലാണ്. പലിശയടക്കം 31.03.2020 ൽ ഈ അക്കൗണ്ടിൽ 15427/-രൂപ നീക്കിയിരിപ്പുണ്ട്.

## 1-13 സ്റ്റോക്ക് റജിസ്റ്ററിന്റെ പരിപാലനം-അപാകതകൾ

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 150 പ്രകാരം പ്രധാനമായും രണ്ട് സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. ഓഫീസ് ഫർണിച്ചറും പുസ്തകങ്ങൾ ഒഴികെയുള്ള മറ്റ് സ്റ്റോറുകളും ഉൾപ്പെടുത്തി ഒരു രജിസ്റ്ററും പുസ്തകങ്ങൾ, ഫോമുകൾ, സ്റ്റേഷനറി എന്നിവ ഉൾപ്പെടുത്തി മറ്റൊന്നും.

1. ഓഫീസ് മേധാവി തന്റെ കസ്റ്റഡിയിൽ, മാർച്ച് 31 ന് സ്റ്റോക്കിലുള്ള സ്റ്റോറുകളുടെ കൃത്യത ഉറപ്പാക്കി സാക്ഷ്യപ്പെടുത്തേണ്ടതും ഉപയോഗക്ഷമമല്ലാത്ത സാധനങ്ങൾ ഉണ്ടെങ്കിൽ അവ ക്രമപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ് (ആർട്ടിക്കിൾ 153, കെ.എഫ്.സി). എന്നാൽ ഇപ്രകാരം സ്റ്റോക്ക് സർട്ടിഫിക്കറ്റുകൾ സെക്രട്ടറി രേഖപ്പെടുത്തുന്നില്ല.

2. സ്റ്റേഷനറി സ്റ്റോക്ക് റജിസ്റ്റർ കൃത്യമായി രീതിയിൽ എഴുതുന്നില്ല. ഓരോ ഐറ്റത്തിനും ഇൻഡക്സ് അനുസരിച്ച് രസീപ്റ്റ്, ഇഷ്യു, ബാലൻസ് എന്നിവ രേഖപ്പെടുത്തുന്നതിനു പകരം ഇനം തിരിക്കാതെ സാധനങ്ങൾ ലഭ്യമാകുന്നതിനനുസരിച്ച് രസീപ്റ്റ് മാത്രമാണ് രേഖപ്പെടുത്തുന്നത്.

3. മൂവബിൾ പ്രോപ്പർട്ടി രജിസ്റ്ററിൽ ആകെയുള്ള സാധനങ്ങളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റു വിശദാംശങ്ങൾ ചേർത്തിട്ടില്ല.

16-3-21-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 16-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് റജിസ്റ്ററുകൾ കൃത്യമായ മാർഗ്ഗനിർദേശങ്ങൾക്കനുസരിച്ച് പരിപാലിച്ച് അറിയിക്കേണ്ടതാണ്.

1-13-1 മാന്വൽ രസീതുകളുടെ ഉപയോഗം -അപാകതകൾ

1. ഉപയോഗം കഴിഞ്ഞ റസീപ്റ്റ് ബുക്കുകളിലെ ഉപയോഗിക്കാത്ത റസീപ്റ്റുകൾ കൃത്യമായി ക്യാൻസൽ ചെയ്യുന്നില്ല.(റസീപ്റ്റ് ബുക്ക് നം 26093, 39980, 26103, 39977)

2. വെട്ടിതിരുത്തലുകൾ വരുന്ന റസീതുകൾ ക്യാൻസൽ ചെയ്ത് പുതിയ രസീതു നൽകുന്നില്ല. (ഉദാ-39969/55, 3 9975/64, 39979/85).

3. ഒ ഡി സി രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കുകയോ, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ കൃത്യത ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

16-3-21-നൽകിയ ഓഡിറ്റ് എൻക്വയറി നം 16-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ മാർഗ്ഗനിർദേശങ്ങൾക്കനുസരിച്ച് പരിപാലിച്ച് പണം അടവുകളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

1-14 ദുരന്തനിവാരണ പദ്ധതി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹികാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 04.12.2019 ലെ ജി ഒ (എം എസ്) നം.156/2019 തസ്വഭവ ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച് 06.01.2020 ലെ ജി ഒ (എം എസ്) 09/2020 തസ്വഭവ ഉത്തരവിലൂടെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ദുരന്തനിവാരണ ആസൂത്രണ രേഖ തയ്യാറാക്കുന്നതിന്റെ സംഘാടനത്തിനും നടത്തിപ്പിനുമായി 23.01.2020 ലെ ജി ഒ (ആർ ടി) നം.179/2020 തസ്വഭവ ഉത്തരവിൽ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ ക്കനുസരണമായുള്ള പരിപാടികൾ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. 2018 ലെ പ്രളയ ദുരന്തം കഠിനമായി ബാധിച്ച ഒരു പഞ്ചായത്താണിത്. അതിനാൽത്തന്നെ സർക്കാർ നിർദ്ദേശങ്ങളെ ഗൗരവമായി കണ്ട് തുടർനടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

1-14-1 പരിശീലനപരിപാടി-ചെലവുതുക ലഭ്യമായില്ല

സർക്കാർ നിർദ്ദേശമനുസരിച്ച് ഓരോ വാർഡിൽ നിന്നും തിരഞ്ഞെടുത്ത 20 പേർക്ക് (15 വാർഡുകളിൽ നിന്നായി 300 പേർ) രണ്ട് ബാച്ചുകളിലായി 03.02.2020, 04.02.2020 എന്നീ തീയതികളിൽ ഏകദിനപരിശീലനം നൽകിയിട്ടുണ്ട്. ക്ലാസുകൾ എടുത്തത് കിലയിൽ നിന്നുള്ള റിസോഴ്സ് പേഴ്സൺ ആണ്. റിസോഴ്സ് പേഴ്സൺന്റെ ഓണറേറിയം, യാത്രപ്പടി, പരിശീലനത്തിൽ പങ്കെടുത്തവർക്കുള്ള റിഫ്രഷ്മെന്റ് ചാർജ് (ഒരാൾക്ക് പരമാവധി 120/-രൂപ) എന്നീയിനത്തിൽ ചെലവായ 40600/- രൂപ തിരികെ ലഭിക്കുന്നതിന് ഒറിജിനൽ ബില്ലുകൾ, വൌച്ചറുകൾ ഹാജർലിസ്റ്റ് എന്നിവ സഹിതം കിലയിലേക്ക് 3.03.2020 ൽ അയച്ച് നൽകിയെങ്കിലും തുക പഞ്ചായത്തുഫണ്ടിലേക്ക് തിരികെ ലഭ്യമായില്ല. ഇത് സംബന്ധിച്ച് 19.01.2021 ൽ ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14-2 എമർജൻസി റെസ്പോൺസ് ടീം

സർക്കാർ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്ത് വിശദമായ ദുരന്തനിവാരണ ആസൂത്രണമാർഗ്ഗരേഖ തയ്യാറാക്കുകയും എമർജൻസി റെസ്പോൺസ് ടീം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ടീമിൽ മുന്നറിയിപ്പ്, രക്ഷാപ്രവർത്തന ഒഴിപ്പിക്കൽ, ഷെൽട്ടർ മാനേജ്മെന്റ്, പ്രഥമ ശുശ്രൂഷ/ ബേസിക് ലൈഫ് സപ്പോർട്ട് ടീം എന്നിവരുടെയും സന്നദ്ധ പ്രവർത്തകരുടെയും പട്ടിക മൊബൈൽ നമ്പർ സഹിതം ലഭ്യമാക്കിയിട്ടുണ്ട്.

1-15 ത്രിതല പഞ്ചായത്ത് സംവിധാനം

ഗ്രാമസഭകളുടെ സംഘാടനം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് 03.08.2004 ൽ പുറപ്പെടുവിച്ച 22675/എൽ3/99 സർക്കുലറിലെ 3ാം നിർദ്ദേശമനുസരിച്ച് ഗ്രാമസഭാ യോഗത്തിലേക്ക് ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗം, ജില്ലാപഞ്ചായത്ത് അംഗം, നിയമസഭാംഗം എന്നിവരെ ഗ്രാമസഭാ കൺവീനർ ക്ഷണിക്കേണ്ടതാണ്. എന്നാൽ ഗ്രാമസഭകളുടെ (15വാർഡുകളുടെയും) മിനിട്ട്സ് പരിശോധിച്ചതിൽ അപൂർവ്വം ചില യോഗങ്ങളിൽ ബ്ലോക്ക്പഞ്ചായത്തംഗം പങ്കെടുത്തതൊഴിച്ചാൽ ജില്ലാ പഞ്ചായത്ത്, നിയമസഭാ അംഗങ്ങളുടെ പ്രാതിനിധ്യം ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ പരിഹാരനടപടി സ്വീകരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-15-1 ജനപ്രതിനിധികളും ഉത്തരവാദിത്തങ്ങളും

പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മെമ്പർമാർ എന്നിവർ അവരുടെ ഉത്തരവാദിത്തങ്ങളും ചുമതലകളും കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവ കൃത്യമായി യോഗം ചേരുകയും യോഗമിനിട്ട്സ് യഥാവിധി എഴുതി ക്ലോസ് ചെയ്ത് സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭാ യോഗങ്ങളുടെ മിനിട്ട്സ് പൂർത്തീകരിച്ച് കൺവീനറും കോ ഓർഡിനേറ്ററും ഒപ്പുവച്ച് സൂക്ഷിച്ചിട്ടുണ്ട്.

1-15-2 ഓഫീസ് മാനേജ്മെന്റ്

വൗച്ചറുകളും ഫയലുകളും വളരെ കൃത്യമായി സൂക്ഷിച്ച് ഓഡിറ്റിന് ഹാജരാക്കി. രജിസ്റ്ററുകൾ പൊതുവെ എഴുതി സൂക്ഷിക്കുന്നുണ്ട്. സ്ഥലപരിമിതി ഏറെയുള്ള ഓഫീസാണെങ്കിലും റെക്കോർഡ് റൂം സജ്ജമാക്കിയിട്ടുണ്ട്.

1-15-3 പൗരാവകാശരേഖ

1994 ൽ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നെങ്കിലും പൗരന്മാർക്കുള്ള അവകാശങ്ങൾ എന്ന 272 എ വകുപ്പ് നിയമത്തിൽ ഉൾപ്പെടുത്തിയത് 1999 ലെ 13-ാം ഭേദഗതി ആക്ടിലൂടെയാണ്. ഈ വകുപ്പിനോട് 254-ാം വകുപ്പ് കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് ചട്ടം ഉണ്ടാക്കിയിരിക്കുന്നത് 2004 മെയ് 17 നാണ്. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ താമസിക്കുന്ന പൗരന്മാർക്ക് പഞ്ചായത്ത് നൽകാമെന്ന് വാഗ്ദാനം ചെയ്യുന്ന സേവനങ്ങളും അവ ലഭ്യമാക്കുന്നതിന് പാലിക്കേണ്ട വ്യവസ്ഥകളും സമയപരിധിയും വിവരിക്കുന്ന പൗരാവകാശരേഖ പൊതുതിരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ ഭരണസമിതി നിലവിൽ വന്നാൽ 6 മാസത്തിനകം പ്രസിദ്ധീകരിക്കുകയും വർഷത്തിലൊരിക്കൽ പുതുക്കുകയും വേണം. ഒരിക്കൽ പ്രസിദ്ധീകരിച്ച പൗരാവകാശരേഖയ്ക്ക് ആ ഭരണസമിതിയുടെ കാലാവധിക്ക് ശേഷം പുതിയഭരണ സമിതി നിലവിൽ വന്ന് ആറുമാസത്തിനുള്ളിൽ പുതിയ രേഖ പ്രസിദ്ധീകരിക്കും വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

1-15-4 ഫ്രണ്ട് ഓഫീസ്

ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കുകയും കൃത്യമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

1-15-5 ഐ എസ് ഒ

ഐ എസ് ഒ സർട്ടിഫിക്കേഷൻ 2019 ജൂലൈ മാസത്തിൽ ലഭിച്ചു.

1-16 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

സ ഉ (അ)നം.19/2011/തസ്വഭവ തീയതി 14.01.2011 യുടെ അടിസ്ഥാനത്തിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള വസ്തുനികുതി നിരക്ക് 6/-രൂപയാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിൽ അപാകത കാണുന്നു. ശ്രീ പി എ മുഹമ്മദ് അഷറഫ്, പെരിങ്ങാട്ട് വീട് എന്ന വ്യക്തിയുടെ 163.06 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണം ഉള്ള കെട്ടിടത്തിന് 1027/- രൂപക്ക് പകരം നിർണ്ണയിച്ച് ഈടാക്കി വരുന്ന നികുതി ഗ്രന്ഥശാലാവരി ഉൾപ്പെടെ 14/-രൂപ മാത്രമാണ്.

ഇത്തരത്തിൽ കുറവ് നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 15.03.2021 ലെ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതിയിനത്തിൽ 2019-20 വർഷത്തിൽ നഷ്ടം വന്ന തുക 1013/-രൂപയും നാളിതുവരെയുള്ള കുടിശ്ശികയും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിശദവിവരങ്ങൾ ഖണ്ഡിക നമ്പർ 2-1 ൽ ചേർത്തിട്ടുണ്ട്.

1-17 പഞ്ചായത്ത് ഭൂമി കൈയേറ്റം-തുടർനടപടി സ്വീകരിക്കേണ്ടതാണ്

കാഞ്ഞൂർ പഞ്ചായത്തിലെ വടക്കും ഭാഗം വില്ലേജിൽ ബ്ലോക്ക് 28, റീസർവ്വേ നം.218/10 ൽ പെട്ട 10.60 ആർ വസ്തു ബി ടി ആർ പ്രകാരം പുറമ്പോക്ക് കന്നുകാലി മേച്ചിൽ സ്ഥലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഈ സ്ഥലം കയ്യേറി നമ്പ്യേടത്തുകാവ് കാർത്യായനീക്ഷേത്രം നിർമ്മിച്ചതിനെതിരെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതും ക്ഷേത്രഭാരവാഹികൾക്ക് മേൽ സർവ്വേനമ്പരിൽപ്പെട്ട ഭൂമിയുടെ അവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ സാധിച്ചിട്ടില്ലാത്തതുമാണ്. ഈ സ്ഥലം കേരളാ പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിന്റെ അധീനതയിൽപ്പെട്ടതായതിനാൽ മേൽ വസ്തുവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് എന്തെങ്കിലും അവകാശം ഉണ്ടെങ്കിൽ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കണമെന്ന് ആലുവ തഹസീൽദാർ (LR) 09.05.2019 ലെ സി1-9153/1/7 നമ്പർ കത്തുമുഖേന അറിയിച്ചിട്ടുണ്ട്. ഭൂമി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആലുവ തഹസീൽദാരോട് അഭ്യർത്ഥിക്കുവാൻ 21.06.2019 ൽ ചേർന്ന പഞ്ചായത്തുകമ്മിറ്റി യോഗം തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (7/15.03.2021) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 169(1) പ്രകാരം വില്ലേജ് റോഡുകളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ സ്വത്തല്ലാത്ത എല്ലാ ഭൂമിയും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. പൊതുസ്ഥലങ്ങൾ കൈയേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായിരിക്കെ ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് നിയമലംഘനമാണ്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 മഴക്കാലപൂർവ്വ ശുചീകരണം

മഴക്കാലപൂർവ്വ ശുചീകരണ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ (ഡി സി) വകുപ്പിന്റെ 02.05.2019 ലെ ജി ഒ (ആർ ടി) നം. 923/2019 ഉത്തരവിലെ നിർദ്ദേശമനുസരിച്ച് വാർഡുതല ഹെൽത്ത് & സാനിട്ടേഷൻ കമ്മിറ്റി കൺവീനറുടെയും ചെയർമാന്റെയും സംയുക്ത അക്കൗണ്ടിലേക്ക് 15,000/- രൂപ വീതം ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. (ശുചിത്വ മിഷൻ വിഹിതം 10000 രൂപ, തനതു വിഹിതം 5000/-രൂപ). 15 വാർഡിലേയ്ക്കുമായി 10.05.2019 ലെ 2664009-ാം നമ്പർ STSB ചെക്ക് മുഖേന 2,25,000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

(വൗച്ചർ നമ്പർ 21900144/ തീയതി 10.05.2019). ഈ തുകയുടെ വിനിയോഗവിവരം ആവശ്യപ്പെട്ട് നൽകിയ 15.03.2021 ലെ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), കാഞ്ഞൂർ നൽകിയ മറുപടിയും വിനിയോഗസാക്ഷ്യപത്രവും പരിശോധിച്ചതിൽ പല വാർഡുകളും മുഴുവൻ തുകയും ചെലവഴിച്ചതായും ചില വാർഡുകളിലെ അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നതായും കാണുന്നു. തുകകൾ അവശേഷിക്കുന്ന വാർഡുകളുടെ വിവരം താഴെ ചേർക്കുന്നു.

| വാർഡ് | തുക |
|---|---|
| 3 | 765 |
| 4 | 5353 |
| 6 | 2 |
| 7 | 15 |
| 10 | 870 |
| 12 | 7197 |
| 14 | 10000 |
| ആകെ | 24202/- |

വാർഡുതല കമ്മിറ്റിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന 24202/-രൂപ പഞ്ചായത്തുഫണ്ടിലേക്ക് തിരിച്ചടവാക്കി റിപ്പോർട്ട് നൽകേണ്ടതാണ്.

## 1-19 ക്യാൻസർ വിമുക്ത എറണാകുളം-മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് നടപ്പാക്കി

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 191/20, ക്യാൻസർ വിമുക്ത എറണാകുളം |
| അടങ്കൽ | 1,00,000/-(50000/- തനത് ഫണ്ട്, 50000/- മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | 26,970/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ബിൽ നമ്പർ | 20/19-20 തീയതി 18.02.2020 |

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ക്യാൻസർ വിമുക്ത എറണാകുളം എന്ന പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

ജില്ലാ ആസൂത്രണ സമിതിയുടെ 08.07.2019 ലെ 36-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിച്ച പദ്ധതിയിൽ ക്യാൻസർ ക്യാമ്പ് നടത്തൽ, രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കൽ എന്നീ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ഫയലിൽ പഞ്ചായത്തിലെ 15 വാർഡുകളിൽ വിവിധ തീയതികളിൽ ക്യാൻസർ സംബന്ധിച്ച ബോധവൽക്കരണ ക്ലാസ് നടത്തി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 26,970/- രൂപ ചെലവഴിച്ചിട്ടുള്ളതായും ആകെ ചെലവഴിച്ച 26,970/- രൂപയിൽ 26520/- രൂപ ക്യാൻസർ ബോധവൽക്കരണ ക്ലാസിനായും 450/- രൂപ ക്ലോത്ത്ബാനറിനായും ആണ് ചെലവ് ചെയ്തത്. മെച്ചപ്പെട്ട ചികിത്സ ലഭ്യമാകും വിധം പ്രവർത്തനങ്ങളൊന്നും വിഭാവനം ചെയ്തതിൽ നിന്ന് വ്യത്യസ്തമായി ഈ പദ്ധതിയിൽ നടപ്പാക്കിയിട്ടില്ല.

പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീയതി 14.02.2018, ഖണ്ഡിക നമ്പർ 8.4 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, സെമിനാറുകൾ എന്നിവ തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടില്ല. സ. ഉ (കൈ) നം. 11/2018 തസ്വഭവ തീയതി 29.01.2018 ഖണ്ഡിക നം.6.7 ൽ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാവുന്ന പദ്ധതികൾ

ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇവയിൽ ബോധവൽക്കരണ ക്ലാസുകൾ ഉൾപ്പെട്ടിട്ടില്ല. ഇത്തരത്തിൽ ബോധവൽക്കരണ ക്ലാസ് നടത്തുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിൽ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ 10.03.2021 ലെ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ ഹാജരാക്കിയ മറുപടിയിൽ സമഗ്ര ക്യാൻസർ നിയന്ത്രണ പരിപാടി-എറണാകുളം എന്ന പദ്ധതി നടപ്പാക്കുന്നതിന് ജില്ലാ കളക്ടർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് ഹാജരാക്കിയിട്ടുള്ളത്. മെഡിക്കൽ ഓഫീസർ തന്നെ നടപ്പാക്കിയ ക്യാൻസർ നിർണ്ണയ ക്യാമ്പ് എന്ന സ്പിൽ ഓവർ പദ്ധതിയിൽ (പ്രോജക്ട് നം. 157/20) ക്യാൻസർ നിർണ്ണയം, ചികിത്സാ സൗകര്യം ലഭ്യമാക്കൽ മുതലായ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായും കാണുന്നു.

സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കുവാൻ പാടുള്ളതല്ല. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതും പൊതുപ്പണം ചെലവഴിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമാണ്.

## 1-20 പെർമിറ്റ് രജിസ്റ്റർ തൃപ്തികരമായി സൂക്ഷിക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 02.12.2015 ലെ 12900/ആർ എ 1/2015/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറന്റ് നമ്പറിന്റെ ക്രമത്തിൽ തന്നെ കെട്ടിടനിർമ്മാണാനുമതി രജിസ്റ്ററിൽ ചേർക്കേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിലെ കെട്ടിട നിർമ്മാണാനുമതി രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം രേഖപ്പെടുത്തലുകൾ കൃത്യമായി വരുത്തിയിട്ടില്ലായെന്ന് കാണുന്നു. പല അനുമതികൾക്കും ഫീസ് ഉൾപ്പെടെയുള്ള വിവരങ്ങൾ ചേർത്ത് പൂർണ്ണമാക്കിയിട്ടില്ല. പല അപേക്ഷകളുടെയും അപേക്ഷാഫീസ് വിവരം ചേർത്തിട്ടുണ്ടെങ്കിലും പെർമിറ്റ് ഫീസ് അടവാക്കിയ തുക എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടനിർമ്മാണ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-20-1 വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ് ഫീസ്

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 130 (4) സി പ്രകാരം വാർത്താവിനിമയ ഗോപുരങ്ങളുടെ ഉപയോഗത്തിന് അനിവാര്യമായ അനുബന്ധമുറികൾക്ക് ഒരു യഥാർത്ഥ കെട്ടിടത്തിന്റെ കാര്യത്തിലെന്നപോലെ അവയുടെ വിസ്തീർണ്ണത്തിന് അനുസൃതമായി ഒടുക്കേണ്ടതാണ്. പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ റിലയൻസ് ജിയോ ഇൻഫ്രാടെൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മൊബൈൽ ടവർനിർമ്മാണത്തിനുള്ള അപേക്ഷയിൽ 4.1ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണമുള്ള അനുബന്ധ മുറികൾ കൂടി പ്ലാനിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പെർമിറ്റ് ഫീസിനത്തിൽ ടവറിന്റെ മാത്രം ഫീസായ 10,000/-രൂപയാണ് ഈടാക്കിയിട്ടുള്ളത്. അനുബന്ധമുറികളുടേതുൾപ്പെടെ പെർമിറ്റ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 പാത്തിപ്പാലം നിർമ്മാണം -മണ്ണ് പരിശോധനയും സ്ട്രക്ചറൽ ഡിസൈനിംഗും- തനതുഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 190/19-20, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് - വാർഡ് 12- പാത്തിപ്പാലം നിർമ്മാണം – മണ്ണ് പരിശോധനയും സ്ട്രക്ചറൽ ഡിസൈനിംഗും |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി | 2,50,000/- ( തനതു ഫണ്ട്) |

| | |
|---|---|
| അടങ്കൽ, തുക | |
| ചെലവഴിച്ച തുക | 2,01,780/- ( ചെക്ക് നം 2664080/12.11.19) |

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 12 ൽ പാത്തിപ്പാലം നിർമ്മാണത്തിന് എം.എൽ.എ ഫണ്ടിൽ നിന്നും 99.2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധനക്കും സ്ട്രക്ചറൽ ഡിസൈനിംഗിനുമായി തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിരുന്നു. അതിനുള്ള ഫീസിനത്തിൽ 2,01,780/- രൂപ അടവാക്കാൻ ആവശ്യപ്പെട്ടപ്പോൾ, എം.എൽ.എ ഫണ്ടിൽ നിന്നും ഭാഗികമായി തുക ലഭിക്കാനുള്ള ബുദ്ധിമുട്ട് മനസ്സിലാക്കി തനത് ഫണ്ടിൽ നിന്നും തുക അടവാക്കാൻ 21.06.2019 ലെ കമ്മിറ്റി തീരുമാനമെടുത്തിരുന്നു (തീരുമാനം നം 21(1)). ഇതനുസരിച്ച് മേൽ പ്രോജക്റ്റ് പ്രകാരം തുക അടവാക്കിയിട്ടുണ്ട്. തനതുഫണ്ടിൽ നിന്നും മേൽപ്രകാരം ചെലവഴിച്ച തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തനതുഫണ്ടിൽ നിന്നും മേൽപ്രകാരം ചെലവഴിച്ച തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 തെരുവ് വിളക്ക് മെയിന്റനൻസ് അപാകതകൾ

2019-20 ലെ തെരുവ് വിളക്ക് മെയിന്റനൻസിനുള്ള ടെണ്ടർ നടപടികളിലെ അപാകതകൾമൂലം കരാറുകാരന് അധികം തുക നൽകാനിടവന്നിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിരിക്കുന്നു.

## 1-23 വളർത്ത് നായകൾക്ക് ലൈസൻസ് ഉറപ്പ് വരുത്തുന്നില്ല.

പഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യപത്രിക പ്രകാരം പന്നികൾക്കും, നായകൾക്കും ലൈസൻസ് നൽകിയ ഇനത്തിലെ ആകെ വരവ് 230/-രൂപയാണ്. എന്നാൽ വെറ്ററിനറി സർജൻ നടപ്പാക്കിയ പേവിഷ നിർമാർജനക്യാമ്പ് സംഘടിപ്പിക്കൽ 2019-20 (പ്രോജക്ട് നം.42/20) എന്ന പദ്ധതി പ്രകാരം ആകെ 391 നായകൾക്ക് പ്രതിരോധ വാക്സിൻ നൽകിയിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 20 നായകൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുള്ള നായ്ക്കളിൽത്തന്നെ 371 എണ്ണത്തിന് ലൈസൻസ് ഇല്ലായെന്ന് കാണുന്നു. 1998ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 12.03.2021 ലെ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഒന്നും ലഭ്യമാക്കിയിട്ടില്ല. പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ പഞ്ചായത്തിന്റെ അനിവാര്യ ചുമതല ആയിരിക്കെ, പഞ്ചായത്ത് നൽകുന്ന സേവനം ഉപയോഗിച്ച് പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്ന നായ്ക്കളുടെ പോലും ലൈസൻസ് ഉറപ്പാക്കാൻ സാധിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. ഫീസിനത്തിലെ വരവ് നഷ്ടവും ഇത് മൂലം ഉണ്ടാകുന്നുണ്ട്. ഭാവിയിൽ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-24 ചെലവുകൾ തെറ്റായ അക്കൗണ്ട് ഹെഡുകളിൽ ബുക്ക് ചെയ്തു

സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 152/2011 തീയതി 26.07.2011 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി അക്കൗണ്ട് ഹെഡുകൾ, അക്കൗണ്ടിംഗ് നയങ്ങൾ, തത്വങ്ങൾ എന്നിവ നിർണ്ണയിച്ചിട്ടുണ്ട്. സ്ഥാപനം ഓരോ ഇടപാട് അക്കൗണ്ട് ചെയ്യുമ്പോഴും ആ ഇടപാടിന്റെ സ്വഭാവവുമായി യോജിച്ച ശരിയായ അക്കൗണ്ട് ഹെഡിൽ ബുക്ക് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. തൻവർഷത്തെ തനതു ഫണ്ട് വൗച്ചർ പരിശോധനയിൽ ചില ഇടപാടുകൾ തെറ്റായ അക്കൗണ്ട്

ഹെഡിലാണ് ബുക്ക് ചെയ്തിട്ടുള്ളതെന്ന് കണ്ടു. ഫൈനൽ അക്കൗണ്ട്സ് തയ്യാറാക്കുന്നതിനുമുമ്പ് ജേണൽ മുഖേന ഇവ തിരുത്തിയിട്ടുമില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നം, തീയതി | തുക | ചെലവിനം | ബുക്ക് ചെയ്ത അക്കൗണ്ട്ഹെഡ് | ബുക്ക് ചെയ്യേണ്ടിയിരുന്ന അക്കൗണ്ട് ഹെഡ് |
|---|---|---|---|---|
| 21900500/ 18.08.2019 | 10,100 | വെറ്റിനറി ഹോസ്പിറ്റൽ-കമ്പ്യൂട്ടർ മെയിന്റനൻസ് | 200800199-Other Administrative Expenses | 230500903-Repair &Maintenance-Movable Assets |
| 21901404/ 25.03.20 | 10756 | Covid 19 Expenses | 220710101-Extra Ordinary Expenses | 230800114-Expenditure Related To Pandemic/Epidemic Control |
| 21901443/ 31.03.2020 | 18074 | Covid 19 Expenses | 220710101-Extra Ordinary Expenses | 230800114-Expenditure Related To Pandemic/Epidemic Control |
| 21901403/ 20.03.2020 | 16600 | PHC Lab Assistant വേതനം | 251200201-Public Health Programmes | 210100201-Daily Wages |

ഇത് ഓരോ ഇനത്തിലുമുള്ള വരവ് ചെലവുകളുടെ കൃത്യമായ കണക്ക് ലഭിക്കുന്നതിന് തടസ്സമാകുന്നു. എല്ലാ ഇടപാടുകളും ശരിയായ അക്കൗണ്ട് ഹെഡുകളിൽ ബുക്ക് ചെയ്യുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കൃഷി- പദ്ധതികൾ അപര്യാപ്തം

കാർഷിക പ്രാധാന്യമുള്ള കാഞ്ഞൂർ പഞ്ചായത്തിൽ കൃഷിയ്ക്കും ക്ഷീരവികസനത്തിനുമായി ആവശ്യത്തിന് പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നില്ല. കൃഷിയ്ക്കായി അംഗീകാരം ലഭിച്ച 9 പദ്ധതികളിൽ നാലെണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ഇതിൽ മൂന്നെണ്ണത്തിലും വളം വിതരണം ചെയ്തതിന് സബ്സിഡി നൽകുക എന്ന പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത്. കൃഷിയുടെ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധിച്ചതിൽ ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിനും പച്ചക്കറി വികസനത്തിനുമുൾപ്പെടെ നിരവധി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഒന്നും പ്രായോഗികതലത്തിൽ നടപ്പാക്കിയിട്ടില്ല. നെൽകൃഷിയിൽ തൊഴിലുറപ്പിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ നിർദ്ദേശമുണ്ടെങ്കിലും ഈ സാദ്ധ്യതയും പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല. നെൽകൃഷിക്ക് കൂലിച്ചെലവിനത്തിൽ ഹെക്ടറിന് 17000/- രൂപ സബ്സിഡിയിനത്തിൽ നൽകാവുന്നതാണെങ്കിലും അതിന് പര്യാപ്തമായ തുക വകയിരുത്തുന്നില്ല.

### 1-25-1 ക്ഷീരകൃഷകർക്ക് പാലിന് സബ്സിഡി-പദ്ധതി നടപ്പാക്കിയില്ല

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്ന പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടും പഞ്ചായത്തിൽ നടപ്പാക്കാത്തത് മുൻ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണ്. മൃഗസംരക്ഷണം, ക്ഷീരവികസനം - വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ ഈ പദ്ധതി നടപ്പാക്കണമെന്ന് നിരവധി തവണ നിർദ്ദേശം വന്നിട്ടും പദ്ധതി നടപ്പാക്കാത്തത് വലിയ വീഴ്ച്ചയാണ്. ധനസഹായം ലഭ്യമാക്കാതെ ക്ഷീരകർഷകർക്ക് നിലനിൽക്കാൻ ബുദ്ധിമുട്ടാണെന്ന് അഭിപ്രായം വന്നിട്ടും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ ഭരണസമിതി മുൻകൈയെടുക്കാത്തത് ഖേദകരമാണ്. ക്ഷീരകർഷകർക്ക് സർക്കാർ മാർഗ്ഗരേഖകൾ പ്രകാരമുള്ള സബ്സിഡിയെങ്കിലും ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-26 വാഹന ഇൻഷ്വറൻസ് പുതുക്കൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല.

പഞ്ചായത്ത് വക ജീപ്പിന്റെ 2019-20 വർഷത്തെ ഇൻഷ്വറൻസ് പുതുക്കുന്നതിന് 12,474/-രൂപ വൗച്ചർ നം 21900296/27.06.2019 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പനിയുടെ ഇൻഷ്വറൻസാണ് ഈ വാഹനത്തിനു വേണ്ടി എടുത്തിരിക്കുന്നത്. കേരള സർക്കാരിനു കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷ്വറൻസ് കവറേജ് ഉണ്ടായിരിക്കണമെന്ന് ജി.ഒ!(പി) നം 819/2000/ധന തീയതി 18.04.2000 ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി വാഹന ഇൻഷ്വറൻസ് പുതുക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗരേഖകൾ ലഭ്യമാക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 40/20, കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 15,00,000/- (3,75,000/-വികസന ഫണ്ട് ജനറൽ, 3,75,000/-സംസ്ഥാനാവിഷ്കൃത ഫണ്ട്, 7,50,000/- മറ്റുള്ളവ ) |
| ചെലവ് | 3,75,000/-(വികസന ഫണ്ട് ജനറൽ) |
| ബിൽ നമ്പർ | 1/19-20 തീയതി 10.12.2019 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

വെറ്ററിനറി സർജൻ നിർവ്വഹണം നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2019-20 ൽ 3,75,000/- രൂപ പ്രോജക്ട് ഓഫീസർ, ആലുവയ്ക്ക് കൈമാറിയിട്ടുണ്ട്. ഒരു കന്നുകുട്ടിയ്ക്ക് 6250/-രൂപ നിരക്കിൽ 60 കന്നുകുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതി നടത്തിപ്പിന്റെ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ക്ഷീരവികസനം ലക്ഷ്യമിട്ട് 4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷ്വറൻസ് എന്നിവ ലഭ്യമാക്കുന്നതിനാണ് തുക കൈമാറുന്നത്. ഇൻഷ്വറൻസ് ലഭ്യമാക്കിയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയതാണ് പരിശോധനയ്ക്ക് ലഭ്യമായത്. പദ്ധതി പൂർത്തിയായിട്ടില്ലെന്നും നടന്ന് വരുന്നതേയുള്ളൂ എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചത്. കൈമാറിയ മുഴുവൻ തുകയും കാര്യക്ഷമമായി വിനിയോഗിച്ചോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. ക്ഷീര വികസനം ലക്ഷ്യമിട്ട് കൈമാറുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് തുക കൈമാറിയതിനുശേഷം നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. പദ്ധതി പൂർത്തിയാകുന്നതിന് മുൻപ് കന്നുകുട്ടികൾ ചത്തു പോകുകയോ, മറ്റ് കാരണങ്ങളാൽ തുക മിച്ചം വരികയോ ചെയ്താൽ പ്രോജക്ട് ഓഫീസറുടെ പക്കൽ തുക അവശേഷിക്കാറുണ്ട്. പദ്ധതി പൂർത്തീകരിച്ച് കൈമാറിയ തുകയുടെ വിനിയോഗ രേഖകളും ഇൻഷ്വറൻസ് രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-28 മാലിന്യ സംസ്കരണം- റസീപ്റ്റ് ഉപയോഗത്തിലെ അപാകത

മാലിന്യ സംസ്കരണം (പ്രോജക്ട് നം31) എന്ന പദ്ധതിയുടെ നടത്തിപ്പിലേക്കായി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും രസീതു നൽകി യൂസർ ഫീ ഈടാക്കിയതായി കാണുന്നു. ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം 2019-20വർഷം 160470/ രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. 40/രൂപ നിരക്കിലുള്ള 100 ബുക്കുകളും 70/- നിരക്കിലുള്ള 40 ബുക്കുകളും ആണ് റസീപ്റ്റ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് എങ്കിലും റസീപ്റ്റ് ബുക്കുകൾ പ്രിന്റ് ചെയ്ത ബിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുകയോ സ്റ്റോക്ക് ആധികാരികപ്പെടുത്തുകയോ ചെയ്തിട്ടില്ല. 2019-20 ൽ 14-2-20 വരെ 40/- നിരക്കിലുള്ള 44 ബുക്കുകളും 70/- നിരക്കിലുള്ള 15 ബുക്കുകളും

വിതരണം ചെയ്തതായി കാണുന്നു. ഈ റസീപ്റ്റ് ബുക്കുകളിൽ 40/- നിരക്കിലുള്ള ബുക്ക് നം 25, 70/- നിരക്കിലുള്ള 1 മുതൽ 15 വരെയുള്ള 15 ബുക്കുകളും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

ഉപയോഗിച്ച റസീപ്റ്റ് ബുക്കുകൾ പരിശോധിച്ചതിൽ റസീപ്റ്റ് കൗണ്ടർ റസീപ്റ്റുകളിൽ പണം പിരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ 2019-20 വർഷം ആകെ നൽകിയ റസീപ്റ്റുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്താനായിട്ടില്ല. ഒ ഡി സി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പിരിച്ച തുക ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള 160470/- രൂപയുമായി റികൺസൈൽ ചെയ്തിട്ടില്ല.

കൃത്യമായ റസീപ്റ്റ് ബുക്കുകളുടെ വിശദാംശങ്ങളടക്കം 2019-20, 2020-21 വഷർങ്ങളിൽ പിരിച്ച തുക ഒ ഡി സി റജിസ്റ്ററിൽ ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം റികൺസൈൽ ചെയ്ത് എത്രയും വേഗം ഓഡിറ്റിന് പരിശോധനയ്ക്കായി നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ 12-3-21ലെ ഓഡിറ്റ് എൻക്വയറി നം 3 ന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ വരവിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.
രസീതു നൽകി പണം ഈടാക്കുന്ന കാര്യങ്ങളിൽ റസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും പണം പിരിവ് വിവരങ്ങൾ ഒ ഡി സി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പരാമർശത്തിലെ വരവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധനക്കായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-29 മത്സ്യം വളർത്തുന്നതിന് ലേല തുക ഈടാക്കിയതിലെ കുറവ്- നഷ്ടം 2343/-

പഞ്ചായത്തിലെ കുരുവിച്ചാൽ ചിറയിൽ മത്സ്യം വളർത്തുന്നതിന് 2017 മുതൽ 2019 വരെ കൃഷ്ണകുമാർ പി ജി എന്നയാൾ 1600/-രൂപയ്ക്ക് കരാർ ഏറ്റെടുത്തിരുന്നതും ഇദ്ദേഹത്തിന്റെ തന്നെ അപേക്ഷ പ്രകാരം 28-10-2019-ലെ 23(1) കമ്മിറ്റി തിരുമാനം അനുസരിച്ച് 2020 മുതൽ മൂന്ന വർഷത്തേയ്ക്ക് ഓരോ വർഷവും 10% വർദ്ധന ഈടാക്കി ലേലകാലാവധി നീട്ടി നൽകിയിട്ടുള്ളതുമാണ്. 11-2-20 ൽ അടവാക്കിയ 2020 മുതലുള്ള 5826/-രൂപ (1760+1936+2130,റസീപ്റ്റ് നം 119070105135 തീ 11.2.2020) മാത്രമാണ് ഈ ഇനത്തിൽ അടവാക്കിയിട്ടുള്ളതായി കാണുന്നത്. 2019-20-ൽ കരാറുകാരൻ മത്സ്യം വളർത്തിയിട്ടുള്ളതായി അപേക്ഷയിൽ പറഞ്ഞിരിക്കുന്നതിനാൽ ഈ ഇനത്തിൽ 2019-20 മുതൽ 4 വർഷത്തെ തുക ഈടാക്കേണ്ടിയിരുന്നെങ്കിലും ഈടാക്കിയതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 15-3-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം14-നുള്ള മറുപടി പ്രകാരം 2019-20 വർഷം മുതൽ 2021-22 വർഷം വരെയുള്ള 3 വർഷത്തെ തുകയാണ് അടവാക്കിയിട്ടുള്ളത് എന്നും 2022-23 വർഷത്തെ തുക അടയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതായും അറിയിച്ചു. 2022-23- ലേല തുകയായ 2343/- രൂപ (2130x1.1)ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-30 ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 48/20, ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 11,00,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | 11,00,000/- |
| ബിൽ നമ്പർ | 01/19-20 തീയതി 06.09.2019 |

പതിമൂന്നാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018 തസ്വഭവ തീയതി 14.02.2018, ഖണ്ഡിക നമ്പർ 7.5.3 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള

ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയുർവേദ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതിയിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനായി ആവശ്യമുള്ള മരുന്നുകളുടെ ലിസ്റ്റ് കൈമാറിയെങ്കിലും 2019-20 സാമ്പത്തിക വർഷത്തിൽ കാഞ്ഞൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലേക്ക് ഔഷധങ്ങൾക്കായി 71,980/- രൂപയാണ് സർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ളതെന്നും ഈ തുക അപര്യാപ്തമായതിനാൽ കൂടുതലായി വേണ്ടി വരുന്ന ഔഷധങ്ങൾ വാങ്ങുന്നതിന് ആവശ്യമായ തുക പഞ്ചായത്തിൽ നിന്നും അനുവദിക്കാവുന്നതാണെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഡിസ്പെൻസറിയി ലേക്കാവശ്യപ്പെട്ട മരുന്നുകൾ ലഭ്യമാണോ അല്ലയോ എന്ന് സാക്ഷ്യപ്പെടുത്തുന്നതിന് പകരം ഫണ്ട് അപര്യാപ്തമായതിനാൽ പഞ്ചായത്തിൽ നിന്ന് അനുവദിക്കാവുന്നതാണെന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നത് പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായ നടപടിയല്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നോൺ അവൈലബിലിറ്റി സ്രട്ടിഫിക്കറ്റ് ലഭ്യമാക്കി മരുന്ന് വാങ്ങൽ പദ്ധതി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

### 2-1 കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു-1013/-രൂപ നഷ്ടം

സ ഉ (അ)നം.19/2011/ത സ്വ ഭ വ തീയതി 14.01.2011യുടെ അടിസ്ഥാനത്തിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 6/-രൂപയാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിൽ അപാകത കാണുന്നു.

| ഉടമയുടെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | നിർണ്ണയിക്കേണ്ട നികുതി+ഗ്രന്ഥശാലാ വരി | നിർണ്ണയിച്ച നികുതി | കുറവ് |
|---|---|---|---|---|---|
| ശ്രീ പി എ മുഹമ്മദ് അഷറഫ്, പെരിങ്ങാട്ട് വീട് | 1/19 | 163.06 | 978 +49 =1027 | 13+1=14 | 965+48 =1013 |

ഇത്തരത്തിൽ കുറവ് നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 15.03.2021 ലെ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതിയിനത്തിൽ 2019-20 വർഷത്തിൽ നഷ്ടം വന്ന തുക 1013/-രൂപയും നാളിതുവരെയുള്ള കുടിശ്ശികയും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 2-2 മത്സ്യം വളർത്തുന്നതിന് ലേല തുക ഈടാക്കിയതിലെ കുറവ്- നഷ്ടം 2343/-

പഞ്ചായത്തിലെ കുരുവിച്ചാൽ ചിറയിൽ മത്സ്യം വളർത്തുന്നതിന് 2017 മുതൽ2019 വരെ കൃഷ്ണകുമാർ പി ജി എന്നയാൾ 1600/-രൂപയ്ക്ക് കരാർ ഏറ്റെടുത്തിരുന്നതും ഇദ്ദേഹത്തിന്റെ തന്നെ അപേക്ഷ പ്രകാരം 28-10-2019-ലെ 23(1) കമ്മിറ്റി തീരുമാനം അനുസരിച്ച് 2020 മുതൽ മൂന്ന് വർഷത്തേയ്ക്ക് ഓരോ വർഷവും 10% വർദ്ധന ഈടാക്കി ലേലകാലാവധി നീട്ടി നൽകിയിട്ടുള്ളതുമാണ്. 11-2-20 ൽ അടവാക്കിയ 2020 മുതലുള്ള 5826/-രൂപ (1760+1936+2130, റസീപ്റ്റ് നം 119070105135 തീ 11.2.2020) മാത്രമാണ് ഈ ഇനത്തിൽ അടവാക്കിയട്ടുള്ളതായി കാണുന്നത്. 2019-20-ൽ കരാറുകാരൻ മത്സ്യം വളർത്തിയിട്ടുള്ളതായി അപേക്ഷയിൽ പറഞ്ഞിരിക്കുന്നതിനാൽ ഈ

ഇനത്തിൽ 2019-20 മുതൽ 4 വർഷത്തെ തുക ഈടാക്കേണ്ടിയിരുന്നെങ്കിലും ഈടാക്കിയതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 15-3-2021 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം14-നുള്ള മറുപടി പ്രകാരം 2019-20 വർഷം മുതൽ 2021-22 വർഷം വരെയുള്ള 3 വർഷത്തെ തുകയാണ് അടവാക്കിയിട്ടുള്ളത് എന്നും 2022-23 വർഷത്തെ തുക അടയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതായും അറിയിച്ചു. 2022-23- ലേല തുകയായ 2343/- രൂപ (2130x1.1)ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

### 3-1 തെരുവ് വിളക്ക് മെയിന്റനൻസ് അപാകതകൾ

| | | |
|---|---|---|
| പ്രോജക്റ്റ് നം ,പേര് | എസ്.83/19-20, തെരുവ് വിളക്ക് മെയിന്റനൻസ് | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പദ്ധതി അടങ്കൽ | 7,58,500/- (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് )<br>9,01,636/- (തനതു ഫണ്ട്)<br>16,60,136 | |
| ചെലവഴിച്ച തുക-15,92,886/- | 4,50,818 | ട്രഷറി ബിൽ നം 20/23.102019 |
| | 4,50,818 | വൗച്ചർ നം 21900414/25.07.2019 |
| | 4,50,818 | വൗച്ചർ നം 21901163/21.01.2020 |
| | 2,40,432 | 2020-21 ൽ ചെലവഴിച്ച തുക |
| | 15,92,886 | |
| കരാറുകാരൻ | വി.എം. അലി. | |

തെരുവ് വിളക്ക് മെയിന്റനൻസിനായി ആവിഷ്കരിച്ച 2019-20 വർഷത്തെ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പഞ്ചായത്തിലെ തെരുവ് വിളക്ക് മെയിന്റനൻസ്, സ്വജലധാര പദ്ധതി നടത്തിപ്പ് എന്നിവ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് അടിയന്തിരമായി കമ്മിറ്റി വിളിച്ചു ചേർക്കണമെന്ന് ആവശ്യപ്പെട്ടുള്ള ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പി അശോകൻ, മെമ്പർമാരായ ശ്രീ. ആൽബിൻ ആന്റണി, അനീഷ് രാജൻ, ശ്രീമതി കെ.ആർ ശ്യാമള, അശ്വതി ഷൈൻ, ഐഷ ജമാൽ എന്നിവരുടെ 12/4/2019 ലെ എ2-3000/19 നമ്പർ കത്ത് പരിഗണിച്ച് 16/4/2019 ൽ കമ്മിറ്റി കൂടുകയും, പ്രസ്തുത കത്ത് കമ്മിറ്റിയിൽ വായിച്ച് ചർച്ച ചെയ്തതായും മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് വാങ്ങി നൽകിയ തെരുവ് വിളക്കുപകരണങ്ങൾ ഉപയോഗിച്ച് അടാട്ട് മാതൃകയിൽ ദിവസ വേതനാടിസ്ഥാനത്തിൽ മെയിന്റനൻസ് നടത്തിവന്ന 2018-19 ലെ തെരുവ് വിളക്ക് മെയിന്റനൻസ് പദ്ധതി 31.03.2019 ൽ പൂർത്തിയാക്കിയിട്ടുള്ളതാണെന്നും, ലോകസഭ പെരുമാറ്റച്ചട്ടമുള്ളതിനാൽ 2019-20 ലെ പദ്ധതിയുടെ ടെണ്ടർ നടപടികൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ലെന്നും യോഗം വിലയിരുത്തി. എന്നാൽ തെരുവ് വിളക്കുകൾ നന്നാക്കാൻ കഴിയാത്തതുമൂലം വാർഡ് മെമ്പർമാർക്ക് നിരന്തരം പരാതികളും പ്രശ്നങ്ങളുമായി ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയാത്ത സ്ഥിതിയാണുള്ളതെന്നും, 06.04.2019 ൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പി. അശോകന്റെ നേതൃത്വത്തിൽ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ കുത്തിയിരിപ്പ് സമരം നടത്തിയതിനാലും. തെരുവു വിളക്ക് പരിപാലനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും 2019-20 ലെ പദ്ധതിക്കായി കരാറിലേർപ്പെടുന്നതുവരെ നിലവിലുള്ള കരാറുകാരനെക്കൊണ്ട് തന്നെ തെരുവ് വിളക്ക് മെയിന്റനൻസ് നടത്തിക്കുവാൻ പ്രസ്തുത യോഗത്തിൽ തീരുമാനിച്ചു. 2016-17 വർഷം ഇതേ കരാറുകാരൻ ക്വോട്ട് ചെയ്ത താഴെ പറയും പ്രകാരമുള്ള നിരക്ക് അനുവദിക്കാനും തീരുമാനിച്ചു (16.4.2019 ലെ 2(2) നമ്പർ തീരുമാനം).

| ഇനം | എണ്ണം | അംഗീകരിച്ച നിരക്ക് | ആകെ |
|---|---|---|---|
| എൽ.ഇ.ഡി. ബൾബ് | 75 | 1080 | 81,000 |
| ട്യൂബ് ലൈറ്റ് | 1259 | 747 | 9,40,473 |
| സി.എഫ്.എൽ ബൾബ് | 600 | 1135 | 6,81,000 |
| സോഡിയം വേപ്പർ ലാമ്പ് | 32 | 3150 | 1,00,800 |
| | | | 18,03,273 |

2018-19 വർഷത്തെ പദ്ധതിയുടെ ബാലൻസ് തുക നൽകുന്നതിന് ഒരു സ്പിൽ ഓവർ പദ്ധതിക്കും തൻവർഷം അംഗീകാരം നേടിയിരുന്നു (പദ്ധതി നം 171/19-20). ഈ ഫയൽ പരിശോധിച്ചതിൽ 2018-19 വർഷത്തിൽ അടാട്ട് മാതൃകയിൽ ദിവസ വേതനാടിസ്ഥാനത്തിൽ മെയിന്റനൻസ് നടത്തിവന്ന പദ്ധതിയനുസരിച്ച് മുഴുവൻ ദിവസവും കരാറുകാരന് തെരുവ് വിളക്ക് നന്നാക്കിയതിന് വേതനം നൽകിയതായി കണ്ടു. 31.03.2019 വരെ എല്ലാ ദിവസവും തെരുവു വിളക്കുകൾ നന്നാക്കിയതായുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളതും. എന്നിട്ടും തൊട്ടടുത്ത ദിവസങ്ങളിൽ തന്നെ തെരുവ് വിളക്കുകൾ കത്താത്തതുമായി ബന്ധപ്പെട്ട് പരാതികളുണ്ടായ സാഹചര്യം പരിശോധിക്കപ്പെടേണ്ടതാണ്. കൂടാതെ 31.03.2019 ന് കരാർ കാലാവധി അവസാനിച്ചിട്ടും 01/04/2019 മുതൽ 16/4/2019 വരെ തെരുവ് വിളക്ക് നൽകിയതിനുള്ള വേതനവും ഈ ഫയൽ പ്രകാരം അനുവദിച്ചിട്ടുണ്ട് (ട്രഷറി ബിൽ നം 18/07.09.2019-24000/-രൂപ). ഈ ദിവസങ്ങളിൽ തെരുവ് വിളക്ക് നന്നാക്കിയതായി നേരത്തേ പരാതി ഉന്നയിച്ച മെമ്പർമാർ ഉൾപ്പെടെ സാക്ഷ്യപത്രവും നൽകിയിട്ടുണ്ട്. ഇതുകൂടി കണക്കിലെടുത്ത് 12/4/2019 ലെ കത്തിൽ മെമ്പർമാർ ഉന്നയിച്ച ആരോപണങ്ങളുടെ സാംഗത്യവും പരിശോധിക്കേണ്ടതാണ്.

16/4/2019 ലെ കമ്മിറ്റി തീരുമാനമനുസരിച്ച് 17.4.2019 ൽ ടി വ്യക്തിയുമായി കരാറിലേർപ്പെട്ട് പ്രവൃത്തി ഏൽപ്പിക്കുകയും ഓരോ മൂന്നുമാസം കൂടുമ്പോഴും ആകെ കരാർ തുകയുടെ നാലിലൊന്നു വിഹിതമായ 4,50,818/-രൂപ വീതം താഴെ കാണും വിധം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| തുക അനുവദിച്ച കാലയളവ് | തുക | ഉത്തരവ് നം, തീയതി |
|---|---|---|
| 17/4/19-16/7/19 | 4,50,818 | എ2-4466/19,29.07.19 |
| 17/7/19-16/10/19 | 4,50,818 | എ2-4466/19,29.07.19 |
| 17/10/19-16.01.20 | 4,50,818 | എ2-4466/19,29.07.19 |

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന്റെ കാലയളവ് അവസാനിച്ചതിനെ തുടർന്ന് ഈ ആവശ്യത്തിലേക്കുള്ള ഇ- ടെണ്ടർ നടപടികൾ ആരംഭിച്ചു. എ2/800/19 തീയതി 30.05.2019 നമ്പർ നോട്ടീസ് പ്രകാരം ആദ്യം ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് എ2/800/19 തീയതി 24.06.2019 നമ്പർ നോട്ടീസ് പ്രകാരം റീ-ടെണ്ടർ ക്ഷണിച്ചതിൽ താഴെ പറയുന്ന രണ്ട് പേർ പങ്കെടുക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ വി.എം, അലിയുടെ ടെണ്ടർ സ്വീകരിക്കുകയും ചെയ്തതായി ടെണ്ടർ ഫയലിൽ കാണുന്നുണ്ട്.

| ഇനം | എണ്ണം | ക്വാളിറ്റി സർവീസ് സിസ്റ്റംസ് പാലക്കാട് ക്വോട്ട് ചെയ്ത നിരക്ക് | തുക | വി.എം. അലി ക്വോട്ട് ചെയ്ത നിരക്ക് | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| എൽ.ഇ.ഡി. ബൾബ് | 75 | 698 | 52,350 | 950 | 71,250 |
| ട്യൂബ് ലൈറ്റ് | 1259 | 725 | 9,12,775 | 490 | 6,16,910 |
| സി.എഫ്.എൽ ബൾബ് | 600 | 586 | 3,51,600 | 490 | 2,46,000 |
| സോഡിയം വേപ്പർ ലാമ്പ് | 32 | 1178 | 67,696 | 1915 | 61,280 |
| | | | 13,54,421 | | 9,95,440 |

06.07.2019 ൽ ടെണ്ടർ തുറന്ന് പരിശോധിക്കുകയും, കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വി.എം. അലിയുടെ ടെണ്ടർ സ്വീകരിക്കുകയും ചെയ്തിട്ടും അതനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിച്ച് കരാറിലേർപ്പെടാതിരുന്നതിനാൽ 17.04.2019 ലെ കരാർ പ്രകാരമുള്ള തുക തുടർന്നും അനുവദിച്ച് കൊണ്ടിരുന്നു. ഇത് വലിയ തോതിലുള്ള അധികച്ചെലവിന് ഇടയാക്കിയതായി കാണാവുന്നതാണ്. ടെണ്ടറിൽ ക്വോട്ട് ചെയ്ത നിരക്കനുസരിച്ച് ഒരു ക്വാർട്ടറിൽ 2,48,860/- രൂപ മാത്രം (995440/4= 248860) കരാറുകാരന് നൽകുന്നതിന് പകരം 17/4/2019 ലെ കരാർ പ്രകാരമുള്ള 4,50,818/-രൂപ വീതം 23.10.2019 ലും, 20.01.2020 ലും അനുവദിച്ചിരിക്കുന്നു.

ലഭിച്ച ടെണ്ടറുകൾ 06.07.2019 ൽ തുറന്ന് പരിശോധിച്ചെങ്കിലും അഞ്ച് മാസങ്ങൾക്ക് ശേഷം 17.12.2019 ലെ പഞ്ചായത്ത് കമ്മിറ്റിയിലാണ് തെരുവു വിളക്ക് മെയിന്റനൻസിനുള്ള ടെണ്ടർ സംബന്ധിച്ച തീരുമാനമെടുത്തിട്ടുള്ളത് (17.12.2019 ലെ 1(7) നമ്പർ തീരുമാനം). പ്രസ്തുത തീരുമാനത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു.
കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്ക് മെയിന്റനൻസിനുള്ള ടെണ്ടർ ക്ഷണിച്ചതിൽ താഴെ പറയും പ്രകാരം ടെണ്ടറുകൾ ലഭിച്ചു.

1. M/S ക്വാളിറ്റി സർവീസ് സിസ്റ്റംസ്, തൃത്താല പാലക്കാട്.

2. ശ്രീ. വി.എം. അലി , വടക്കേടത്ത്, എടത്തല.

ഇതിൽ M/S ക്വാളിറ്റി സർവീസ് സിസ്റ്റംസ്, തൃത്താല പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നിയമാനുസൃത നിരതദ്രവ്യം അടയ്ക്കാതിരുന്നതിനാൽ റീ ടെണ്ടറും സിംഗിൾ ടെണ്ടറായി മാറുകയുണ്ടായി. എന്നാൽ നിയമാനുസൃത ടെണ്ടർ സമർപ്പിച്ച ശ്രീ.വി.എം.അലി യുക്തിസഹജമായ നിരക്കിൽ AMC ഏറ്റെടുക്കാൻ തയ്യാറാണെന്ന് അറിയിക്കുകയും, പ്രൊക്യൂർമെന്റ് കമ്മിറ്റി അത് അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിലും, അനിവാര്യ ചുമതല നിറവേറ്റേണ്ടതിനാലും, ശ്രീ. വി.എം. അലിയുടെ നിരക്ക് താഴെ പറയും പ്രകാരം അംഗീകരിച്ചു.

1. ഡബിൾ ട്യൂബ്സെറ്റ്- 760/- രൂപ ( പഴയ നിരക്ക് 747/- രൂപ)

2.സോഡിയം വേപ്പർ ലാമ്പ്-3200/- രൂപ ( പഴയ നിരക്ക് 3150/- രൂപ).

3. സി.എഫ്.എൽ-1150/- രൂപ ( പഴയ നിരക്ക് 1135/- രൂപ).

4. എൽ.ഇ.ഡി. 1100/- രൂപ ( പഴയ നിരക്ക് 1080/- രൂപ)

M/S ക്വാളിറ്റി സർവീസ് സിസ്റ്റംസ്, തൃത്താല പാലക്കാട് എന്ന സ്ഥാപനം ഇ.എം.ഡി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട സ്ഥാപനമാണെന്ന് അവർ അവകാശപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാര്യം പരിശോധിച്ചതായി കാണുന്നില്ല. ഇ.എം.ഡി അടവാക്കാത്തതിനാൽ ആ ടെണ്ടററെ ഒഴിവാക്കിയപ്പോൾ അടുത്ത ടെണ്ടർ സിംഗിൾ ടെണ്ടറായി മാറി എന്നാണ് ടെണ്ടർ നടപടികൾ നിരസിക്കുന്നതിനായി രേഖപ്പെടുത്തിയിരിക്കുന്ന കാരണം. റീടെണ്ടറിൽ സിംഗിൾ ടെണ്ടർ ലഭിച്ചാലും അംഗീകരിക്കാമെന്നിരിക്കെ, വളരെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടററെ ഒഴിവാക്കി ആ വ്യക്തിയുമായിത്തന്നെ വളരെ ഉയർന്ന നിരക്കിൽ കരാറിലേർപ്പെട്ടത് ശരിയായ നടപടിയല്ല.

ഇക്കാരണത്താൽ പഞ്ചായത്തിന് താഴെ കാണും വിധം 5,16,179/- രൂപയുടെ അധികച്ചെലവുണ്ടായതായി കണക്കാക്കുന്നു.

| തുക അനുവദിച്ച കാലയളവ് | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധിക ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 17/4/19-16/7/19 | 4,50,818 | 4,50,818 | 0 | 17/4/2019 ലെ കരാർ അനുസരിച്ച് |
| 17/7/19-16/10/19 | 4,50,818 | 2,48,860 | 2,01,958 | 06.07.2019 ൽ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. അതിലെ നിരക്ക് പ്രകാരം ഒരു ക്വാർട്ടറിലേക്കുള്ള തുക. |
| 17/10/19-16.01.20 | 4,50,818 | 2,48,860 | 2,01,958 | |
| 17/01/20-04.03.2020 | 2,40,432 | 1,28,169 | 1,12,263 | 47 ദിവസത്തേക്ക് അനുവദിച്ച തുക |
| ആകെ | 15,92,886 | 10,76,707 | 5,16,179 | |

2. വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ നാല് തവണകളായി എ.എം.സി തുക നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. വാർഡിലെ എല്ലാ തെരുവുവിളക്കുകളും നന്നാക്കിയിട്ടുണ്ടെന്ന വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രം അടിസ്ഥാനമാക്കിയാണ് തുക അനുവദിച്ചിരിക്കുന്നത്. ഇതിൽ എന്ന്, എപ്രകാരമുള്ള പണി നടത്തിയെന്ന് വ്യക്തമാക്കുന്നില്ല. മെയിന്റനൻസിനുള്ള സാധനങ്ങൾ വാങ്ങിയതിന് തെളിവായി ബില്ല് വാങ്ങി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ വാങ്ങിയ സാധനങ്ങളുടെ എണ്ണം, ഗുണനിലവാരം, അംഗീകൃത ബ്രാൻഡഡ് ആണോ തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്താനാവുന്നില്ല. വാറന്റി കാലയളവിൽതന്നെ കേടാകുന്ന തെരുവ് വിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുന്നില്ല. ആയത് റീപ്ലേസ് ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ സ്വീകരിക്കുന്നില്ല .

3. അറ്റകുറ്റപ്പണികൾ എല്ലാ ആഴ്ചയിലും ബുധനാഴ്ചകളിൽ നടത്തേണ്ടതും, ഈ ജോലി ബുധനാഴ്ചകളിൽ തീർക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആ ആഴ്ചയിലെ ശനിയാഴ്ച നടത്തേണ്ടതുമാണെന്നാണ് 2018-19 ലെ പദ്ധതിയുമായി ബന്ധപ്പെട്ടുണ്ടാക്കിയ കരാർ വ്യവസ്ഥകളിലെ ഇനം 6 ൽ പറയുന്നത്. അങ്ങനെയാണെങ്കിൽ ഒരു ആഴ്ചയിൽ പരമാവധി രണ്ട് ദിവസമെന്ന കണക്കിൽ ഒരു വർഷം 104 ദിവസത്തെ വേതനത്തിനേ കരാറുകാരന് അർഹതയുള്ളൂ. എന്നാൽ എല്ലാ ദിവസവും അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടെന്ന മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 365 ദിവസത്തേയും വേതനമാണ് കരാറുകാരന് നൽകിയിട്ടുള്ളത്. ഇക്കാര്യത്തിലും വിശദീകരണം നൽകേണ്ടതാണ്.

4) പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണം എന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 ൽ നിർദ്ദേശിച്ചിട്ടുള്ളത്. പരാതി രജിസ്റ്ററും, തെരുവു വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്ക് ഹാജരാക്കേണ്ടതാണ് .

5. 2018-19 വർഷം പഞ്ചായത്താണ് മെയിന്റനൻസിനുള്ള സാധനങ്ങൾ വാങ്ങിനൽകിയിട്ടുള്ളത്. അതിന്റെ ചെലവു വിവരങ്ങളും, സ്റ്റോക്ക് രജിസ്റ്ററും ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 09/) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കുകയുണ്ടായി.

അടാട്ട് മോഡലിൽ തെരുവ്വിളക്ക് മെയിന്റനൻസ് നടത്തിയപ്പോൾ ഒരു ദിവസം പരമാവധി 15 ലൈറ്റുകൾ വരെ മാത്രമേ നന്നാക്കാൻ കഴിഞ്ഞിരുന്നുള്ളുവെന്നും, ഇക്കാരണത്താൽ എല്ലാവാർഡിലേയും പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും, ആയതിനാലാണ് അടാട്ട് മോഡൽ ഉപേക്ഷിക്കാൻ തിരുമാനിച്ചത്. ടെണ്ടർ നോട്ടീസിൽ പറഞ്ഞതിലധികം ലൈറ്റുകൾ യഥാർത്ഥത്തിലുണ്ടെന്ന് കണ്ടതിനാൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുവാൻ വിസമ്മതിക്കുകയും, വീണ്ടും ടെണ്ടർ നടത്തുന്നത് പ്രായോഗികമല്ലാത്തതിനാലും ആ കരാറുകാരനുമായിത്തന്നെ നെഗോഷ്യറ്റ് ചെയ്ത് യുകതിസഹമായ നിരക്കിൽ കരാറിലേർപ്പെടുകയായിരുന്നു ചെയ്തതെന്നും അറിയിച്ചു. മറുപടി തൃപ്തികരമല്ലെങ്കിൽ കരാറുകാരന് നൽകാനുള്ള ബില്ലിൽ നിന്നും തുക ഈടാക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ 2016-17 മുതൽ സ്ഥിരമായി ഈ പ്രവൃത്തി നടത്തിയിരുന്നത് ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വി.എം. അലി എന്ന കരാറുകാരനാണ്. അതുകൊണ്ടുതന്നെ പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ എണ്ണത്തെക്കുറിച്ച് വ്യക്തമായ ധാരണ കരാറുകാരന് ഉണ്ടായിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്. ഇതെല്ലാമറിഞ്ഞ് നിരക്ക് ക്വോട്ട് ചെയ്തതിന് ശേഷം ടെണ്ടർ ഉറപ്പിച്ചപ്പോൾ ആ നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കാൻ കഴിയില്ലെന്ന് പറയുന്നത് ശരിയായ നടപടിയല്ല. ഇതൊന്നും പരിഗണിക്കാതെ ഉയർന്ന നിരക്ക് നൽകി അയാളുമായി കരാറിലേർപ്പെട്ടത് പഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് നിരക്കുന്ന തീരുമാനമല്ല. ആയതിനാൽ ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നില്ല. കരാറുകാരന് അനർഹമായ ആനുകൂല്യം നൽകാനിടയാക്കിയ തീരുമാനമെടുത്ത അന്നത്തെ ഭരണസമിതിയും അതിൽ വിയോജനം രേഖപ്പെടുത്താതിരുന്ന സെക്രട്ടറിയും പഞ്ചായത്തിനു വന്നുചേർന്ന അധികച്ചെലവിന് ഉത്തരവാദികളാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ മേൽ പ്രകാരം കരുറുകാരന് അധികം നൽകിയ 5,16,179/- രൂപ ഉത്തരവാദികളിൽ നിന്നും തുല്യമായി ഈടാക്കുകയോ കരാറുകാരന് നൽകുവാനുള്ള ബില്ലിൽ നിന്നു കുറവ് ചെയ്ത് ഈടാക്കിയോ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 548000 | ലൈഫ് ഭവന നിർമ്മാണം | 548000 | |

ജില്ലാപഞ്ചായത്ത് വിഹിതത്തിൽ മുൻവർഷത്തിൽ ലഭിച്ച തുകയിൽ 56592/- രൂപയും (കോഡ് 320700205) ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 249747/- (കോഡ് 320700204), രൂപയും

ചെലവഴിക്കുവാൻ ബാക്കിയുള്ളതായി ബി.4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിട്ടി, പി.എച്ച്. ഡിവിഷൻ, ആലുവ | പടയാട്ടി പുന്നക്ക റോഡ് പുതിയ പൈപ്പ് ലൈൻ വലിച്ച് പൊതുടാപ്പുകൾ സ്ഥാപിക്കൽ | 21901062/ 01.06.2019 | 100000 | - | 100000 |
| കെ.എസ്.ഇ.ബി. | 164/20 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ, ഗതാഗത തടസ്സമുള്ള പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, വഴിവിളക്ക് വാങ്ങലും സ്ഥാപിക്കലും | 21901061/ 01.06.2019 | 442586 | 442586 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2019-20 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ലോൺ | സ.ഉ.(സാ)നം 849/2010/തസ്വഭവ തീയതി 12.03.10 | 24,22,500 | 3,15,169 | 315169 | 0 | - |
| 2 | ലൈഫ് ഭവനപദ്ധതി-ഹഡ്കോ ലോൺ | സ.ഉ.(എം.എസ്)നം 68/2018/തസ്വഭവ തീയതി 18.05.2018 | 25,28,508 | 25,28,508 | 198530 | 0 | 2329978 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ ലഭിച്ച 67927/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2017-18 | 3-2 | 67927 | രാജലക്ഷ്മി ടി, സെക്രട്ടറി | 119070500078 തീയതി 20.12.2019 |
| ആകെ | | 67927 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | അനുബന്ധം | തൊഴിൽ നികുതി | തുക അടവാക്കിയിട്ടുണ്ട്. |
| 2015-16 | 2-2 | 2016-17 | ,, | തൊഴിൽ നികുതി | ,, |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47398602.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47131266.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 3356.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 516179.00 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 1013/- | ശ്രീ.ടി എസ് പ്രസാദ്, സെക്രട്ടറി |
| 2-2 | 2343/- | ശ്രീ.ടി എസ് പ്രസാദ്, സെക്രട്ടറി |
| ആകെ | 3356/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 516179/- | ശ്രീ.ടി എസ് പ്രസാദ്, സെക്രട്ടറി |
| ആകെ | 516179/- | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻറെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ടി.എസ്.പ്രസാദ് സെക്രട്ടറി | സെക്രട്ടറി, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | താന്നിക്കുഴിയിൽ, നീലീശ്വരം പി ഒ, കാലടി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1998-99 (ചെലവ്) | എൽ.എഫ്.ഇ(പി-4)846/03/12.11.2003 |
| 1999-00, 2001-02 (ചെലവ്) | എൽ.എഫ്.ഇ(പി-4)1696/03/ |
| 2004-05 | എൽ.എഫ്.ഇ(പി-4)593/10/05.07.2011 |
| 2005-06 | എൽ.എഫ്.ഇ(പി-4)594/10/05.07.2011 |
| 2006-07 | എൽ.എഫ്.ഇ(പി-4)242/08/04.04.2008 |
| 2007-08 | എൽ.എഫ്.ഇ(പി-4)1704/11/16.04.2012 |
| 2008-09 | എൽ.എഫ്.ഇ(പി-4)1705/11/16.04.2012 |
| 2009-10 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2010-11 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2011-12 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി-4)1773/14/06.04.2015 |
| 2014 - 15 | എൽ.എഫ്.ഇ(പി.1) 1078/16/01.07.2016 |
| 2015- 16 | നം.കെ.എസ്.എ.-ഇകെഎം (പി.13) 2124/2016 |
| 2016-17 | നം.കെ.എസ്.എ.-ഇകെഎം (പി.13) 2176/17/ 29.11.2017 |
| 2017-18 | നം.കെ.എസ്.എ.-ഇകെഎം (പി.13) 146/19/ 18.03.2019 |
| 2018-19 | നം.കെ.എസ്.എ.-ഇകെഎം (പി.13) 257/20/ 13.03.2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## .ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്